## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4623 — 13.10.11 ൽ -മറുപടിക്ക്

### റേഷൻ കാർഡിൽ തിരുത്തൽ

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

(എ) റേഷൻ കാർഡിൽ എ.പി.എൽ. എന്നു തെറ്റായി രേഖപ്പെടുത്തുകയും ഗ്രാമവികസന വകുപ്പ് തയ്യാറാക്കിയ ബി.പി.എൽ. അർഹതാ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്ത കുടുംബങ്ങളുടെ റേഷൻ കാർഡിൽ ബി.പി.എൽ. എന്നു തിരുത്തി നൽകുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ബി) എ.പി.എൽ. എന്നു തെറ്റായി രേഖപ്പെടുത്തിയതിനാൽ ആനുകൂല്യങ്ങൾ നഷ്ടമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) റേഷൻ കാർഡിൽ പ്രസ്തുത തിരുത്തൽ വരുത്തുന്നതിന് അപേക്ഷ നൽകിയിട്ടും തിരുത്തി നൽകുന്നതിനുള്ള തടസ്സമെന്താണ്;

(ഇ) അർഹരായ എല്ലാവരുടെയും റേഷൻ കാർഡുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് ജില്ലാ കളക്ടർക്കും, ജില്ലാ സപ്ലൈ ഓഫീസർക്കും നിർദ്ദേശം നൽകി ഉത്തരവിറക്കുമോ?

**ഉത്തരം**

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.)

(എ ബി സി ഡി & ഇ) 2009 ൽ നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് പ്രസ്തുത ലിസ്റ്റിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ബി.പി.എൽ കാർഡുകൾ വിതരണം ചെയ്യുന്നകാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ